REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളത്തിൽ മുഖ്യമന്ത്രിയെ നിശ്ചയിക്കാൻ ഹൈക്കമാൻഡ് ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. കേരളത്തിലെ നേതാക്കളുമായി ചർച്ച വൈകിട്ട്.**
- **പശ്ചിമബംഗാളിൽ സുവേന്ദു അധികാരി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.**
- **പുതിയ സംയുക്ത സൈനിക മേധാവിയായി ലഫ്റ്റനന്റ് ജനറൽ NS രാജ സുബ്രഹ്മണിയെ കേന്ദ്ര ഗവൺമെന്റ് നിയമിച്ചു.**
- **സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ വൈകിട്ട് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിലെ മുഖ്യമന്ത്രിപദത്തിന് AICC സംഘടനാ ജനറൽ സെക്രട്ടറി KC വേണുഗോപാലും, നിയുക്ത MLA മാരും മുതിർന്ന നേതാക്കളുമായ, രമേശ് ചെന്നിത്തലയും VD സതീശനും അവകാശവാദം ഉന്നയിച്ചതോടെ ഹൈക്കമാൻഡിന്റെ നേതൃത്വത്തിൽ ചർച്ചകൾ തുടരുന്നു.

മൂന്ന് നേതാക്കളുമായും ചർച്ച നടത്തി ഇതിലൊരാളെ വൈകാതെ കോൺഗ്രസ് നേതൃത്വം മുഖ്യമന്ത്രിസ്ഥാനത്തേക്ക് നിർദേശിക്കുമെന്നാണ് കരുതുന്നത്. വൈകിട്ട് നാല് മണിയോടെയാണ് VD സതീശൻ, രമേശ് ചെന്നിത്തല, KPCC പ്രസിഡന്റ് സണ്ണി ജോസഫ് തുടങ്ങിയവരുമായി പാർട്ടി

അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ വെവ്വേറെ ചർച്ച നടത്തുകയെന്ന് വാർത്താ ചാനലുകൾ റിപ്പോർട്ട് ചെയ്തു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നലെയും കോൺഗ്രസ് പ്രവർത്തകർ VD സതീശന് വേണ്ടി പരസ്യപ്രകടനങ്ങൾ നടത്തി. രമേശ് ചെന്നിത്തലയ്ക്കും KC വേണുഗോപാലിനും അനുകൂലമായി പ്രതികരിക്കുന്നവരും കുറവല്ല.

മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിന് നിരീക്ഷകരായ മുകുൾ വാസ്നിക്, അജയ് മാക്കൻ എന്നിവർ MLA-മാരുമായി നടത്തിയ കൂടിക്കാഴ്ചയുടെ റിപ്പോർട്ട് ഹൈക്കമാൻഡിന് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ടിലെ നിർദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം.

✪✪✪

UDFന് അധികാരം ലഭിക്കണമെന്ന് ആഗ്രഹിച്ച എല്ലാവർക്കും മുഖ്യമന്ത്രി ആരാകണമെന്ന കാര്യത്തിൽ അഭിപ്രായം പറയാൻ അവകാശമുണ്ടെന്ന് രാജ്മോഹൻ ഉണ്ണിത്താൻ MP പറഞ്ഞു. മുഖ്യമന്ത്രി പദവിക്ക് വാദം ഉന്നയിക്കാൻ VD സതീശനും KC വേണുഗോപാലിനും രമേശ് ചെന്നിത്തലക്കും അവകാശമുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

ഹൈക്കമാൻഡ് ഒരാളെ മുഖ്യമന്ത്രിയായി അന്തിമമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ കോൺഗ്രസിൽ പിന്നെ ഒരു അപശബ്ദവും ഉയരില്ലെന്നും ഉണ്ണിത്താൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തകരുടെ പ്രതികരണങ്ങൾ അപക്വമാണെന്ന് നിയുക്ത MLA ചാണ്ടി ഉമ്മൻ പറഞ്ഞു. നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മല്ലികാർജ്ജുൻ ഖാർഗെ അടക്കം നേതാക്കൾക്ക് കഴിയുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. ഹൈക്കമാൻഡിന്റെ നിർദേശങ്ങൾക്കായി എല്ലാവരും കാത്തിരിക്കണമെന്നും പാർട്ടിക്ക് ഒരു നടപടിക്രമമുണ്ടെന്നും അത് പാലിക്കാൻ എല്ലാവർക്കും ഉത്തരവാദിത്വം ഉണ്ടെന്നും ചാണ്ടി ഉമ്മൻ വ്യക്തമാക്കി.

✪✪✪

പശ്ചിമബംഗാളിൽ മമതാബാനർജിയുടെ പതിനഞ്ചു വർഷത്തെ ഭരണത്തിന് അന്ത്യം കുറിച്ച് സുവേന്ദു അധികാരി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.ഗവർണ്ണർ RN രവി സത്യവാചകം ചൊല്ലിക്കൊടുത്തു. കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിലെ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത്ഷാ, BJP ദേശീയ അധ്യക്ഷൻ നിതിൻ

നബീൻ, കേന്ദ്രമന്ത്രിമാർ, NDA ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ തുടങ്ങിയവർ പങ്കെടുത്തു.

ആഭ്യന്തരമന്ത്രി അമിത് ഷായുടെ സാന്നിധ്യത്തിൽ ഇന്നലെ ചേർന്ന നിയമസഭാകക്ഷി യോഗമാണ് സുവേന്ദു അധികാരിയെ നേതാവായി തെരഞ്ഞെടുത്തത്.. സുവേന്ദു അധികാരിയുടെ ജന്മനാടായ പൂർബ മേദിനിപ്പൂരിലും, സ്വന്തം മണ്ഡലമായ നന്ദിഗ്രാമിലും പ്രവർത്തകർ ആഹ്ലാദപ്രകടനങ്ങൾ സംഘടിപ്പിച്ചു. തൃണമൂൽ കോൺഗ്രസ്സ് ബംഗാളിൽ സൃഷ്ടിച്ച ഭയത്തിനെതിരെയാണ്, ജനങ്ങൾ BJPക്ക് അനുകൂലമായി വിധിയെഴുതിയതെന്ന് ശേഷം അമിത് ഷാ പറഞ്ഞു.

✪✪✪

പുതുച്ചേരിയിൽ NDA യുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥി N രംഗസ്വാമി, ലെഫ്റ്റനന്റ് ഗവർണർ കൈലാസ് നാഥനെ കണ്ട് ഗവൺമെന്റ് രൂപീകരണത്തിന് അവകാശമുന്നയിച്ചു. മുഖ്യമന്ത്രി സ്ഥാനത്തേക്ക് പിന്തുണയ്ക്കുന്ന ഭൂരിപക്ഷം MLA മാരുടെയും കത്തുകൾ അദ്ദേഹം ലെഫ്റ്റനന്റ് ഗവർണർക്ക് കൈമാറി. സഖ്യ കക്ഷി നേതാക്കളും, രംഗസ്വാമിയോടൊപ്പം ഗവർണറെ കണ്ടു. നേരത്തെ NDA സഖ്യകക്ഷികളുടെ യോഗം ചേർന്ന് രംഗസ്വാമിയെ നിയമസഭാ കക്ഷി നേതാവായി തെരഞ്ഞെടുത്തിരുന്നു.

✪✪✪

തമിഴ്നാട്ടിൽ പുതിയ ഗവൺമെന്റ് രൂപീകരണത്തിൽ അനിശ്ചിതത്വം തുടരുന്നു. തമിഴക വെട്രികഴകം നേതാവ് വിജയ്, ഇന്ന് സത്യപ്രതിജ്ഞ ചെയ്യുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും കേവല ഭൂരിപക്ഷത്തിന് അംഗസംഖ്യ തികയാത്തതിനാൽ, ഗവൺമെന്റ് രൂപീകരണ നടപടികൾ വൈകുകയാണ്. TVK യെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പിന്തുണച്ചെന്ന റിപ്പോർട്ട്, ലീഗ് അഖിലേന്ത്യ പ്രസിഡന്റ് പ്രൊഫ. ഖാദർമൊയ്തീൻ തള്ളിയതിനെ തുടർന്നാണ് പുതിയ പ്രതിസന്ധി. ഇതോടെ ഇന്ന് TVK ഗവൺമെന്റിന്റെ സത്യപ്രതിജ്ഞ ഉണ്ടായേക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായി. ഇന്നലെ രണ്ടാം തവണയും ഗവർണറെ കണ്ട വിജയ്, ഗവൺമെന്റ് രൂപീകരണത്തിന് അവകാശമുന്നയിച്ചിരുന്നു.

✪✪✪

അസമിൽ, പുതിയ ഗവൺമെന്റ് ചൊവ്വാഴ്ച സത്യപ്രതിജ്ഞ ചെയ്യും. BJP നേതൃത്വം നൽകുന്ന NDA തുടർച്ചയായ മൂന്നാം തവണയാണ് സംസ്ഥാനത്ത് അധികാരത്തിലെത്തുന്നത്. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിന് BJP നാളെ യോഗം ചേരും.

✪✪✪

രബീന്ദ്രനാഥ ടാഗോറിന്റെ 165-ാം ജന്മവാർഷികത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങും, ആഭ്യന്തര മന്ത്രി അമിത് ഷായും, പ്രധാനമന്ത്രിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഏക ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന കാഴ്ചപ്പാടിനെ രബീന്ദ്രനാഥ ടാഗോറിന്റെ കൃതികളിലൂടെ ശക്തിപ്പെടുത്തിയതായി രാജ്നാഥ് സിങ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

അസാധാരണമായ പ്രതിഭാശാലിയും, എഴുത്തുകാരനും ചിന്തകനും കവിയുമായിരുന്നു ടാഗോർ എന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പുതിയ സംയുക്ത സൈനിക മേധാവിയായി ലഫ്റ്റനന്റ് ജനറൽ NS രാജ സുബ്രഹ്മണിയെ കേന്ദ്ര ഗവൺമെന്റ് നിയമിച്ചു. നിലവിലെ CDS ജനറൽ, അനിൽ ചൗഹാൻ മെയ് 30-ന് സ്ഥാനമൊഴിയുന്നതിനെത്തുടർന്നാണ് നിയമനം. പുതിയ ചുമതലയ്ക്കൊപ്പം സൈനിക കാര്യ വകുപ്പിന്റെ സെക്രട്ടറി പദവിയും ലഫ്റ്റനന്റ് ജനറൽ രാജ സുബ്രഹ്മണി വഹിക്കും.

നാല് പതിറ്റാണ്ടിലേറെ നീണ്ട സ്തുത്യർഹ സൈനിക സേവന പാരമ്പര്യം ഉണ്ട് ലഫ്റ്റനന്റ് ജനറൽ രാജ സുബ്രഹ്മണിയ്ക്ക്. 2025 സെപ്റ്റംബർ മുതൽ നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടേറിയറ്റിൽ മിലിട്ടറി അഡ്വൈസറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം. ഇതിനുമുമ്പ് കരസേനാ വൈസ് ചീഫ്, സെൻട്രൽ കമാൻഡ് G O C ഇൻ C എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പടിഞ്ഞാറൻ, വടക്കൻ അതിർത്തികളിലെ നിർണ്ണായക സൈനിക നീക്കങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്നാണ് രാജ സുബ്രഹ്മണി സൈനിക ജീവിതം ആരംഭിച്ചത്. 1985 ഡിസംബറിൽ ഗർവാൾ റൈഫിൾസിൽ അദ്ദേഹം കമ്മീഷൻ ചെയ്തു. രാജ്യത്തിന് നൽകിയ മികച്ച സേവനങ്ങൾക്ക് പരമ വിശിഷ്ട സേവാ മെഡൽ, അതി വിശിഷ്ട സേവാ മെഡൽ, സേനാ മെഡൽ, വിശിഷ്ട സേവാ മെഡൽ എന്നീ ബഹുമതികൾ നൽകി അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

✪✪✪

വൈസ് അഡ്മിറൽ കൃഷ്ണ സ്വാമിനാഥനെ അടുത്ത നാവികസേനാ മേധാവിയായി കേന്ദ്ര ഗവണ്മെന്റ് നിയമിച്ചതായി രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. നിലവിൽ കൃഷ്ണ സ്വാമിനാഥൻ, വെസ്റ്റേൺ നേവൽ കമാൻഡിന്റെ ഫ്ലാഗ് ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫായി സേവനമനുഷ്ഠിക്കുകയാണ്. ഈ മാസം 31 ന് വിരമിക്കുന്ന അഡ്മിറൽ ദിനേശ് കുമാർ ത്രിപാഠിയുടെ ഒഴിവിലേക്കാണ് നിയമനം.

✪✪✪

രാജ്യത്തെ സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ പ്രധാന പദ്ധതികളായ പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന, അടൽ പെൻഷൻ യോജന എന്നിവ 11 വർഷം പൂർത്തിയാക്കി.

പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സാധാരണക്കാർക്കും താങ്ങാനാവുന്ന നിരക്കിൽ ഇൻഷുറൻസ്, പെൻഷൻ പരിരക്ഷകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതികൾ ആവിഷ്കരിച്ചതെന്ന് ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. ഇതുവരെ PMJJBY യിൽ 27 കോടിയിലധികം പേരും PMSBY യിൽ 58 കോടിയിലധികം പേരും അടൽ പെൻഷൻ യോജനയിൽ 9 കോടി പേരും എൻറോൾ ചെയ്തതായി ധനമന്ത്രി അറിയിച്ചു.

✪✪✪

MV ഹോണ്ടിയസ് എന്ന ക്രൂയിസ് കപ്പലിൽ ഹാന്റാ വൈറസ് ബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം നിരീക്ഷണവും മുൻകരുതൽ നടപടികളും ശക്തമാക്കി. കപ്പലിൽ എട്ടുപേർക്ക് ഹന്റാവൈറസ് ബാധിച്ചതായാണ് ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട്. മൂന്നുപേർ മരിച്ചു.

✪✪✪

സംസ്ഥാനത്ത്  ചൊവ്വാഴ്ച്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലും, ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ലക്ഷദ്വീപിൽ ഇന്നും നാളെയും മണിക്കൂറിൽ 50 മുതൽ 60 വരെ കിലോമീറ്റർ വേഗത്തിൽ കാറ്റിനും, ശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്നും മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകി. 7 ജില്ലകളിലും, ലക്ഷദ്വീപിലും നാളെയും മഞ്ഞ ജാഗ്രതയാണ്.

✪✪✪

എട്ടാമത് സ്വതന്ത്ര ചലച്ചിത്ര മേള കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ നാളെ സമാപിക്കും.  മത്സരവിഭാഗത്തിൽ ബയോസ്കോപ്പ് അവാർഡിനായി മലയാളത്തിൽ നിന്ന് മൂന്ന് എണ്ണം  ഉൾപ്പെടെ 9 ചിത്രങ്ങൾ ഉണ്ട്.

നിപിൻ നാരായണൻ സംവിധാനം ചെയ്ത കാത്തിരിപ്പ്, ശ്രീകൃഷ്ണൻ KPയുടെ റോക്ക്, ഷിഹാബ് ഓങ്ങല്ലൂരിന്റെ റിക്കാർഡ് ഡാൻസ് എന്നിവയാണ് ചിത്രങ്ങൾ.

✪✪✪

വയലാർ രാമവർമ്മ സാംസ്ക്കാരിക വേദി, മലയാള ചലച്ചിത്ര സംവിധായകൻ M.കൃഷ്ണൻനായരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ 'കൃഷ്ണാഞ്ജലി പുരസ്ക്കാരം' ഇന്ന് നടൻ മധുവിന് സമർപ്പിക്കും. വൈകീട്ട് നിയുക്ത MLA, K.മുരളീധരൻ നടൻ മധുവിന്റെ വീട്ടിലെത്തി പുരസ്കാരം കൈമാറും.

✪✪✪

തേക്കടിയിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് KTDC-യുടെ വലിയ ബോട്ടുകൾ സർവീസ് പുനരാരംഭിച്ചു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത് കഴിഞ്ഞ ദിവസങ്ങളിൽ മഴ ലഭിച്ചതോടെ ജലനിരപ്പ് 110.20 അടിയിലേക്ക് ഉയർന്നിരുന്നു. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി പരിമിതമായ യാത്രക്കാരുമായാണ് ഇപ്പോൾ സർവീസ് നടത്തുന്നത്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ

.......വോയ്സ്.......

വേനൽ കടുത്തതോടെ ജലനിരപ്പ് താഴ്ന്നതിനെത്തുടർന്ന് കഴിഞ്ഞ ഏപ്രിൽ 30ന് തേക്കടിയിൽ വലിയ ബോട്ടുകളുടെ സർവീസ് നിർത്തിവെച്ചിരുന്നു. തടാകത്തിലേക്ക് നീരൊഴുക്ക് വർധിച്ച് ജലനിരപ്പ് ഉയർന്നതോടെ 120 സീറ്റുകളുള്ള രണ്ട് ബോട്ടുകളാണ് കെ.ടി.ഡി.സി. ഇപ്പോൾ നീറ്റിലിറക്കിയിരിക്കുന്നത്. നിലവിൽ 40 പേർക്ക് വീതമാണ് യാത്ര ചെയ്യാനുള്ള അനുമതി. വനംവകുപ്പിന്റെ ബോട്ടുകളും യാത്രക്കാർക്കായി സർവീസ് തുടരുന്നുണ്ട്. വരും ദിവസങ്ങളിൽ മഴ ശക്തിപ്പെടുകയും ഡാമിലേക്ക് കൂടുതൽ വെള്ളം എത്തുകയും ചെയ്യുന്നതോടെ ബോട്ട് സർവ്വീസ് സാധാരണ നിലയിലേക്ക് എത്തിക്കാനാവുമെന്ന പ്രതീക്ഷയിലാണ് അധികൃതർ. ജലനിരപ്പ് കുറഞ്ഞ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാട് കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവും നിലവിൽ കുറച്ചിട്ടുണ്ട്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,720 രൂപയായി. ഗ്രാമിന് 13,965 രൂപയിലാണ് ഇന്ന്  വ്യാപാരം നടക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ജയ്പൂരിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ, ഇന്ന് FC ഗോവ, മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ്-നെ നേരിടും. ഗോവയിൽ വൈകീട്ട് അഞ്ച് മണിക്കാണ് മത്സരം.

മറ്റൊരുമത്സരത്തിൽ ജംഷഡ്പൂർ FC, ബെംഗളൂരു FC യെ നേരിടും. വൈകീട്ട് 7.30 ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team: അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*